13-ാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2213 — 18.06.2013-ൽ മറുപടിയ്ക്ക്

## സ്റ്റീൽ ഇൻഡസ്ട്രീസ് ഫോർജിംഗ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എ. എം. ആരിഫ്

(എ) സ്റ്റീൽ ഇൻഡസ്ട്രീസ് ഫോർജിംഗ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങളും ലക്ഷ്യവും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ :

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും ചുവടെ ചേർക്കുന്നു.
കേരള സംസ്ഥാനത്തിനകത്തോ മറ്റുള്ളിടത്തോ സ്റ്റീൽ ഫോർജിംഗ്സ് വ്യവസായവും യൂണിറ്റുകളും സ്ഥാപിക്കുക, വികസിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, സാമ്പത്തികമായി സഹായിക്കുക.

ഫെറസ്, നോൺ ഫെറസ് ആയ എല്ലാവിധ ഫോർജിംഗ്സുകളുടെയും ഫോർജിംഗ് ഉൽപ്പാദിപ്പിക്കുവാൻ ആവശ്യമായ മെഷീനുകൾ, പ്ലാന്റുകൾ, ഉപകരണങ്ങൾ തുടങ്ങിയവയുടെയും ഉൽപ്പാദകർ, രൂപകൽപ്പകൻ, വാങ്ങുന്നയാൾ, വിൽക്കുന്നയാൾ, ഡീലർ, ഇറക്കുമതി-കയറ്റുമതിക്കാരൻ എന്നീ നിലകളിലുള്ള ബിസിനസ് ചെയ്യുക.

എല്ലാവിധ ഫോർജിംഗ്സുകളുമായി ബന്ധപ്പെട്ട കൺവെർഷൻ, സബ്കോൺട്രാക്റ്റ് മറ്റു ബന്ധപ്പെട്ട സേവനങ്ങൾ.

എല്ലാവിധത്തിലുള്ള സ്പ്രിംഗ്, ലാമിനേറ്റഡ് കോയിൽ റെയിൽവേ ഉപകരണങ്ങൾ, വാഹനവ്യവസായ ഉപകരണങ്ങൾ, ട്രാക്റ്റർ, ട്രയിലർ

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ ഉൽപ്പാദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.<br><br>വലിയ വലുപ്പത്തിലുള്ള സ്റ്റീൽ റിംഗ്സ് ഉൽപ്പാദിപ്പിക്കുക, വാങ്ങുക, വിൽക്കുക, ഇറക്കുമതി- കയറ്റുമതി ചെയ്യുക. |
| (ബി) | പ്രതിരോധ മന്ത്രാലയത്തിന് കീഴിലെ ഏജൻസികളുമായി എത്ര കരാറുകൾ ഉണ്ടെന്നും ഈ കരാറിലെ അഴിമതികളെപ്പറ്റി ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ; | (ബി) | പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള ഏജൻസികളിൽ നിന്നും 179 ഓർഡറുകൾ കമ്പനിയ്ക്ക് ഉണ്ട്. പ്രതിരോധ വകുപ്പുമായി ബന്ധപ്പെട്ട ചില ഇടപാടുകളിൽ അഴിമതി ആരോപണം ഉയർന്നിട്ടുണ്ട്. ഇതേപ്പറ്റി സി.ബി.ഐ കൊച്ചി യൂണിറ്റ് അന്വേഷണം നടത്തി വരുന്നു. കൂടാതെ കമ്പനിയുടെ പ്രവർത്തനത്തിൽ ക്രമരഹിതമെന്ന് കരുതപ്പെടുന്ന വസ്തുതകളെക്കുറിച്ച് അന്വേഷിക്കുവാൻ സംസ്ഥാന വിജിലൻസ് വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച അന്വേഷണങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അതിന്റെ പ്രാഥമിക കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (സി) | സി.ബി.ഐ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ അഴിമതികളിൽ ഏതെല്ലാം ഉദ്യോഗസ്ഥരാണെന്നും അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (ഡി) | പ്രാഥമികമായി കമ്പനിയിലെ ക്രമരഹിതപ്രവർത്തനങ്ങൾക്ക് ഉത്തരവാദികൾ മാനേജിംഗ് ഡയറക്ടർ ഡോ.എസ്. ഷാനവാസ്, മാർക്കറ്റിംഗ് ഡപ്യൂട്ടി ജനറൽ മാനേജർ ശ്രീ. എ. വത്സൻ എന്നിവർ ആണെന്ന് കണ്ടെത്തി പ്രസ്തുത ഉദ്യോഗസ്ഥരെ കമ്പനിയിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | **ഈ കേസിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരെ സർക്കാർ സ്ഥാപനങ്ങളുടെ തലപ്പത്തു നിയമിക്കരുതെന്ന് അന്വേഷണഉദ്യോഗസ്ഥരോ ധനകാര്യവകുപ്പോ നിർദ്ദേശിച്ചിരുന്നോ;** | (ഇ)<br>&<br>(എഫ്) | ധനകാര്യ പരിശോധനാ വിഭാഗം സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡിൽ നടത്തിയ പരിശോധനയെതുടർന്ന് പൊതുമേഖലാസ്ഥാപനങ്ങളിലെ തസ്തികയിൽ നിന്നും ഡോ.ഷാനവാസിനെ ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഡോ.ഷാനവാസ് ഉൾപ്പെടെയുള്ളവർ ഇപ്പോൾ സസ്പെൻഷനിലാണ്. |
| (എഫ്) | **ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇതിലുൾപ്പെട്ട ഉദ്യോഗസ്ഥരെ ഏതെങ്കിലും സ്ഥാപനത്തിൽ ഇപ്പോൾ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?** | | |

Manu

**സെക്ഷൻ ഓഫീസർ**